"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - മത്സ്യ ബന്ധന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമായ സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (FIRMA) യ്ക്ക് ഓഷ്യനേറിയം സ്ഥാപിക്കുന്നതിനായി 15.12.2007-ലെ സ.ഉ.(കൈ)441/07/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം മത്സ്യ ബന്ധന വകുപ്പിന്റെ പേരിൽ സംസ്ഥാന സർക്കാർ സൗജന്യമായി അനുവദിച്ച എറണാകുളം ജില്ലയിലെ പുതുവൈപ്പ് വില്ലേജിൽ റീസർവ്വെ നം.238/1 നമ്പറിൽപ്പെട്ട 50 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് തിരിച്ചെടുത്ത ശേഷം 14.03.2008 പ്രാബല്യത്തിൽ 30 വർഷത്തേയ്ക്ക് സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആന്റ് ഇക്കോളജി (സി.എം.എൽ.ആർ.ഇ)ക്ക് ഏക്കർ ഒന്നിന് 1000/- രൂപ വാർഷിക പാട്ട നിരക്കിൽ പാട്ടത്തിന് അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (എ) വകുപ്പ്

സ.ഉ.(കൈ) നം.50/2025/RD തീയതി,തിരുവനന്തപുരം, 21-02-2025

പരാമർശം:-

1. 15.12.2007 ലെ സ.ഉ.(കൈ) 441/07/റവന്യൂ നമ്പർ ഉത്തരവ്
2. 14.03.2008 ലെ സ.ഉ.(കൈ)15/2008/മത്സ്യബന്ധന നമ്പർ ഉത്തരവ്
3. 11.02.2010 ലെ സ.ഉ.(കൈ) 06/10/മത്സ്യബന്ധന നമ്പർ ഉത്തരവ്
4. 02.04.2019 ലെ സ.ഉ.(കൈ)116/2019/റവ നമ്പർ ഉത്തരവ്
5. ജില്ലാ കളക്ടറുടെ 23.02.2021-ലെ L1-2469/16 നമ്പർ കത്ത്
6. ലാന്റ് റവന്യൂ കമ്മീഷണറുടെ 22-10-2022-ലെ LR-79-2022-LR(J7) നമ്പർ കത്ത്
7. 03.08.2023 ലെ സ.ഉ.(കൈ)16/2023/മത്സ്യബന്ധന നമ്പർ ഉത്തരവ്
8. 01.07.2024-ലെ സ.ഉ.(സാധാ)നം.13/ 2024/ മത്സ്യബന്ധന നമ്പർ ഉത്തരവ്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിൽ പുതുവൈപ്പ് വില്ലേജിൽ റീസർവ്വെ 238/1 നമ്പറിൽപ്പെട്ട 50 ഏക്കർ സർക്കാർ പുറമ്പോക്ക് ഭൂമി, പരാമർശം (1) ഉത്തരവ് പ്രകാരം മത്സ്യ ബന്ധന വകുപ്പിന്റെ സ്ഥാപനമായ സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (FIRMA) യ്ക്ക് ഓഷ്യനേറിയം സ്ഥാപിക്കുന്നതിന് നിർദ്ദിഷ്ട പദ്ധതി വഴി ലഭിക്കുന്ന ലാഭത്തിൽ റവന്യൂ വകുപ്പും പങ്കാളിയായിരിക്കുമെന്ന വ്യവസ്ഥയിലും ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നില്ല എന്ന വ്യവസ്ഥയിലും മത്സ്യബന്ധന വകുപ്പിന്റെ പേരിൽ സൗജന്യമായി കൈമാറുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി പരാമർശം (2)

ഉത്തരവ് പ്രകാരം ഫിഷറീസ് വകുപ്പ് സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആന്റ് ഇക്കോളജി-യ്ക്ക് 30 വർഷത്തേക്ക് ഏക്കറിന് 1000/- രൂപ നിരക്കിൽ പാട്ടത്തിനു നൽകിയിരുന്നുവെങ്കിലും സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വയ്ക്കാത്ത കാരണം കൈമാറ്റം നടന്നില്ല. അതിനു ശേഷം പ്രസ്തുത 50 ഏക്കറിൽ 3.5 ഏക്കർ ഭൂമി ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വില ഈടാക്കി, പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുകയോ ഉപപാട്ടത്തിനു നൽകുകയോ ചെയ്യരുത് എന്ന വ്യവസ്ഥയിൽ, നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതിക്ക് R&D (Research and Development) സൗകര്യം ഏർപ്പെടുത്തുന്നതിനായി പരാമർശം (3) ഉത്തരവ് പ്രകാരം ഫിഷറീസ് വകുപ്പ് ഇന്ത്യ ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് എർത്ത് സയൻസിനു നൽകുകയുണ്ടായി.

2. ഫിഷറീസ് വകുപ്പ് സി.എം.എൽ.ആർ.ഇ-യ്ക്ക് നൽകിയ 10 ഏക്കർ സ്ഥലത്തിൽ 3.5 ഏക്കർ സ്ഥലം മാത്രമെ ഇപ്പോൾ ഉപയോഗിക്കുന്നുള്ളു എന്നും സി.എം.എൽ.ആർ.ഇ-യ്ക്കക്ക് ഓഫീസും മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി സ്ഥലം നൽകാൻ ഫിഷറീസ് വകുപ്പ് പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവ് ഭേദഗതി ചെയ്ത് സി.എം.എൽ.ആർ.ഇക്ക് 3.5 ഏക്കർ മാത്രം നൽകിക്കൊണ്ട് ബാക്കിയുള്ള സ്ഥലത്തിൽ 3.5 ഏക്കർ സ്ഥലം Central Institute of Fisheries Technology (CIFT) ന് അവരുടെ ആസ്ഥാന മന്ദിരം, പരീക്ഷണശാലകൾ എന്നിവ സ്ഥാപിക്കുന്നതിനായി പാട്ട വ്യവസ്ഥയിൽ നൽകുന്നതിന് ഫിഷറീസ് വകുപ്പ് റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി.

3. തുടർന്ന് CMLRE യ്ക്ക് ഭൂമി കൈമാറിയ വിഷയം സംബന്ധിച്ച് ചേർന്ന 21.01.22-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പിന് കൈമാറിയ 50 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ സി.എം.എൽ.ആർ.ഇ-ക്ക് പാട്ടത്തിന് അനുവദിക്കുവാനും സി.എം.എൽ.ആർ.ഇ-യുമായി ചേർന്ന് പാട്ടക്കരാർ ഔപചാരികമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാനും മത്സ്യബന്ധന തുറമുഖ വകുപ്പ് ആവശ്യപ്പെട്ടിരുന്നു.

4. മേൽ വിഷയത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസലിൻ പ്രകാരം ഫിഷറീസ് വകുപ്പിന് കൈമാറിയ 50 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി ഭാരത സർക്കാർ ഭൗമ മന്ത്രാലയത്തിനു കീഴിലുള്ള സി.എം.എൽ.ആർ.ഇ-യ്ക്ക് 30 വർഷത്തേയ്ക്ക് ഒരു ഏക്കറിന് ആയിരം രൂപ നിരക്കിൽ പാട്ടത്തിന് നൽകുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് ഡയറക്ടറും, CMLRE ഡയറക്ടറും കരാറിൽ ഏർപ്പെടുകയുണ്ടായി. Limitation Period കഴിഞ്ഞതിനാൽ കരാർ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണ് എന്നും സി.എം.എൽ.ആർ.ഇ എന്ന സ്ഥാപനം നിലവിൽ പ്രസ്തുത ഭൂമിയിൽ പ്രവർത്തിച്ചു വരുകയാണ് എന്നും ടി സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ ഡീപ്പ് സീ റിസർച്ചും, സമുദ്ര ജീവികളെക്കുറിച്ചുള്ള പഠനവും, ഈ മേഖലയിൽ PHD യ്ക്കുള്ള റിസർച്ച് സൗകര്യം ഒരുക്കലുമാണ് എന്നും ഈ സ്ഥാപനത്തിന്റെ ഭാവി വികസനത്തിന് പ്രസ്തുത ഭൂമി മുഴുവനായും അത്യാവശ്യമാണ് എന്നും റീസർവ്വെ 238/1-ൽ പ്പെട്ട നിർദിഷ്ട വസ്തുവിന് സാധാരണ ഗതിയിൽ ന്യായവില അടിസ്ഥാനത്തിൽ, ആർ ഒന്നിന് 13,61,250/-രൂപ നിരക്കിൽ 10 ഏക്കർ (404.7 Ares) വസ്തുവിന്റെ വാർഷിക പാട്ടം 5,50,89,787.50/- രൂപയായി കണക്കാക്കാവുന്നതാണെന്നും, എന്നാൽ പരാമർശം (2) ഉത്തരവ് പ്രകാരം ഏക്കറിന് 1000/- രൂപ നിരക്കിലാണ് 10 ഏക്കറിന് 30 വർഷത്തേയ്ക്ക് പാട്ടത്തുക നിശ്ചയിച്ചിട്ടുള്ളതെന്നും പരാമർശം (6) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. സർക്കാർ ഭൂമി ഏത് വകുപ്പിന്റേതായാലും അതിന്റെ ഉടമസ്ഥാവകാശവും, സർക്കാർ ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്, കൈമാറുന്നതിന്,

പാട്ടത്തിന് നൽകുന്നതിന്, പതിച്ചു നൽകുന്നതിന് എന്നിവയ്ക്കുള്ള അധികാരവും റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണെന്ന് പരാമർശം (4) സർക്കാർ ഉത്തരവിൽ അനുശാസിക്കുന്നുണ്ട് എന്നും ആയതിനാൽ സർക്കാർ ഭൂമി മറ്റൊരു സ്ഥാപനത്തിന് കൈമാറി നൽകിയ മത്സ്യബന്ധനവകുപ്പിന്റെ പരാമർശം (2) ഉത്തരവ് ക്രമപ്രകാരമല്ലാത്തതിനാൽ ആയതു റദ്ദാക്കി 10 ഏക്കർ ഭൂമി സി.എം.എൽ.ആർ.ഇക്ക് -യ്ക്ക് 30 വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ കൈമാറി നൽകാൻ ഉത്തരവാകാവുന്നതാണ് എന്നും ടി സ്ഥാപനം കേന്ദ്ര സർക്കാർ ഭൗമ മന്ത്രാലയത്തിന്റെ ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനമായതിനാൽ പാട്ടത്തുക സംബന്ധിച്ച് പൊതു താൽപര്യം മുൻനിർത്തി ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ കൈകൊള്ളാവുന്നതാണ് എന്നും ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

5. തുടർന്ന് ഫിഷറീസ് വകുപ്പിന്റെ പരാമർശം (2) ലെ ഉത്തരവ് ,പരാമർശം (7) ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിരുന്നു, കൂടാതെ മത്സ്യബന്ധ വകുപ്പിന് സൗജന്യമായി അനുവദിച്ച 50 ഏക്കർ ഭൂമിയിൽ നിന്ന് 3.5 ഏക്കർ ഭൂമി ഭൗമമന്ത്രാലയത്തിന് കൈമാറി നൽകിയ പരാമർശം (3) ലെ ഉത്തരവ്, പരാമർശം (8) പ്രകാരം റദ്ദാക്കുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ, മത്സ്യ ബന്ധന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമായ സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (FIRMA) യ്ക്ക് ഓഷ്യനേറിയം സ്ഥാപിക്കുന്നതിനായി 15.12.2007 ലെ സ.ഉ.(കൈ) 441/07/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം മത്സ്യ ബന്ധന വകുപ്പിന്റെ പേരിൽ സംസ്ഥാന സർക്കാർ സൗജന്യമായി അനുവദിച്ച എറണാകുളം ജില്ലയിലെ പുതുവൈപ്പ് വില്ലേജിൽ റീസർവ്വെ 238/1 നമ്പറിൽപ്പെട്ട 50 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് തിരിച്ചെടുത്ത ശേഷം 14.03.2008 പ്രാബല്യത്തിൽ 30 വർഷത്തേയ്ക്ക് സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സ് ആന്റ് ഇക്കോളജി (സി.എം.എൽ.ആർ.ഇ)ക്ക് ഏക്കർ ഒന്നിന് 1000/- രൂപ വാർഷിക പാട്ട നിരക്കിൽ പാട്ടത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7.ഇക്കാര്യത്തിലുള്ള തുടർനടപടികൾ എറണാകുളം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

1. കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, എറണാകുളം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
4. ഡയറക്ടർ, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്
5. ഡയറക്ടർ, സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സ് ആന്റ് ഇക്കോളജി (സി.എം.എൽ.ആർ.ഇ), മിനിസ്ട്രി ഓഫ് എർത്ത് സയൻസ്, ഗവൺമെന്റ് ഓഫ് ഇന്ത്യ, കൊച്ചി
6. ഡയറക്ടർ, സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി.
7. ധനകാര്യ വകുപ്പ് (E-2321386)No.Exp-D3/13/2023-Fin dtd 29/03/2023 പ്രകാരം)
8. മത്സ്യബന്ധനവും തുറമുഖവും വകുപ്പ്
9. പൊതുഭരണ (എസ് സി) വകുപ്പ് (19/02/2025-ലെ ഇനം നമ്പർ 2734 പ്രകാരം)
10. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ)വകുപ്പ്
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Suresh Kumar K
Date: 21-02-2025 15:04:52

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.റവന്യു വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 19-02-2025

ഫയൽ നം. എ3/219/2019/റവ. ഇനം നം: 2734

വിഷയം : റവന്യൂ വകുപ്പ് - മത്സ്യബന്ധന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമായ സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി(FIRMA)യ്ക്ക് ഓഷ്യനേറിയം സ്ഥാപിക്കുന്നതിനായി 15.12.2007-ലെ സ.ഉ.(കൈ)441/07/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം മത്സ്യബന്ധന വകുപ്പിന്റെ പേരിൽ സംസ്ഥാന സർക്കാർ സൗജന്യമായി അനുവദിച്ച എറണാകുളം ജില്ലയിലെ പുതുവൈപ്പ് വില്ലേജിൽ റീ.സ.238/1 നമ്പറിൽപ്പെട്ട 50 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് തിരിച്ചെടുത്ത ശേഷം 14.03.2008 പ്രാബല്യത്തിൽ 30 വർഷത്തേയ്ക്ക് സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആന്റ് ഇക്കോളജി (സി.എം.എൽ.ആർ.ഇ)ക്ക് ഏക്കർ ഒന്നിന് 1000/- രൂപ വാർഷിക പാട്ട നിരക്കിൽ പാട്ടത്തിന് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Sarada

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

20/2

2734

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | എ 3/219/2019/റവ. |
| 2. | വകുപ്പ് | : | റവന്യൂ (എ) വകുപ്പ് |
| 3. | വിഷയം | : | മത്സ്യ ബന്ധന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമായ സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (FIRMA)യ്ക്ക് ഓഷ്യനേറിയം സ്ഥാപിക്കുന്നതിനായി 15.12.2007 ലെ സ.ഉ.(കൈ) 441/07/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം മത്സ്യ ബന്ധന വകുപ്പിന്റെ പേരിൽ സംസ്ഥാന സർക്കാർ സൗജന്യമായി അനുവദിച്ച എറണാകുളം ജില്ലയിലെ പുതുവൈപ്പ് വില്ലേജിൽ റീ.സ.238/1 നമ്പറിൽപ്പെട്ട 50 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് തിരിച്ചെടുത്ത ശേഷം 14.03.2008 പ്രാബല്യത്തിൽ 30 വർഷത്തേയ്ക്ക് സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആന്റ് ഇക്കോളജി (സി.എം.എൽ.ആർ.ഇ) ക്ക് ഏക്കർ ഒന്നിന് 1000/- രൂപ വാർഷിക പാട്ട നിരക്കിൽ പാട്ടത്തിന് അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 23/10/2023 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.സ്നേഹലത.കെ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 04/02/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദാ മുരളീധരൻ |
| 11. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15/02/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 18/02/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 18/02/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മത്സ്യ ബന്ധന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമായ സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (FIRMA) യ്ക്ക് ഓഷ്യനേറിയം സ്ഥാപിക്കുന്നതിനായി 15.12.2007 ലെ സ.ഉ.(കൈ)441/07/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം മത്സ്യ ബന്ധന വകുപ്പിന്റെ പേരിൽ സംസ്ഥാന സർക്കാർ സൗജന്യമായി അനുവദിച്ച എറണാകുളം ജില്ലയിലെ പുതുവൈപ്പ് വില്ലേജിൽ റീ.സ.238/1 നമ്പറിൽപ്പെട്ട 50 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് തിരിച്ചെടുത്ത ശേഷം 14.03.2008 പ്രാബല്യത്തിൽ 30 വർഷത്തേയ്ക്ക് സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആന്റ് ഇക്കോളജി (സി.എം.എൽ.ആർ.ഇ)ക്ക് ഏക്കർ ഒന്നിന് 1000/- രൂപ വാർഷിക പാട്ട നിരക്കിൽ പാട്ടത്തിന് അനുവദിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിൽ പുതുവൈപ്പ് വില്ലേജിൽ റീ.സ.238/1 നമ്പറിൽപ്പെട്ട 50 ഏക്കർ സർക്കാർ പുറമ്പോക്ക് ഭൂമി, 15.12.2007 ലെ ജി.ഒ.(എം.എസ്)441/07/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം മത്സ്യ ബന്ധന വകുപ്പിന്റെ സ്ഥാപനമായ സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (FIRMA) യ്ക്ക് ഓഷ്യനേറിയം സ്ഥാപിക്കുന്നതിന് നിർദ്ദിഷ്ട പദ്ധതി വഴി ലഭിക്കുന്ന ലാഭത്തിൽ റവന്യൂ വകുപ്പും പങ്കാളിയായിരിക്കുമെന്ന വ്യവസ്ഥയിലും ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നില്ല എന്ന വ്യവസ്ഥയിലും മത്സ്യബന്ധന വകുപ്പിന്റെ പേരിൽ ഭൂമി സൗജന്യമായി കൈമാറുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി 14.03.2008 ലെ ജി.ഒ.(എം.എസ്) 15/08/F&PD ഉത്തരവ് പ്രകാരം ഫിഷറീസ് വകുപ്പ് CMLRE (Centre For Marine Living Resources and Ecology) യ്ക്ക് 30 വർഷത്തേക്ക് ഏക്കറിന് 1000/- രൂപ നിരക്കിൽ പാട്ടത്തിനു നൽകിയിരുന്നുവെങ്കിലും സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെയ്ക്കാത്ത കാരണം കൈമാറ്റം നടന്നില്ല. അതിനു ശേഷം പ്രസ്തുത 50 ഏക്കറിൽ 3.5 ഏക്കർ ഭൂമി ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വില ഈടാക്കി, പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുകയോ ഉപപാട്ടത്തിനു നൽകുകയോ ചെയ്യരുത് എന്ന വ്യവസ്ഥയിൽ, നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതിക്ക് R&D (Research and Development) സൗകര്യം ഏർപ്പെടുത്തുന്നതിനായി 11.02.2010 ലെ ജി ഒ (എം എസ്) 06/10/F&PD നമ്പർ ഉത്തരവ് പ്രകാരം ഫിഷറീസ് വകുപ്പ് ഇന്ത്യ ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് എർത്ത് സയൻസിനു നൽകുകയുണ്ടായി.

3. ഫിഷറീസ് വകുപ്പ് CMLRE യ്ക്ക് നൽകിയ 10 ഏക്കർ സ്ഥലത്തിൽ 3.5 ഏക്കർ സ്ഥലം മാത്രമെ CMLRE ഇപ്പോൾ ഉപയോഗിക്കുന്നുള്ളു എന്നും CMLRE ക്ക് ഓഫീസും മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി സ്ഥലം നൽകാൻ ഫിഷറീസ് വകുപ്പ് പുറപ്പെടുവിച്ച 14.03.2008 ലെ ജി.ഒ.(എം.എസ്)15/08/F&PD ഉത്തരവ് ഭേദഗതി ചെയ്ത് CMLRE ക്ക് 3.5 ഏക്കർ മാത്രം നൽകിക്കൊണ്ട് ബാക്കിയുള്ള സ്ഥലത്തിൽ 3.5 ഏക്കർ സ്ഥലം Central Institute of Fisheries Technology (CIFT) ന് അവരുടെ ആസ്ഥാന മന്ദിരം, പരീക്ഷണശാലകൾ എന്നിവ സ്ഥാപിക്കുന്നതിനായി പാട്ട വ്യവസ്ഥയിൽ നൽകുന്നതിന് ഫിഷറീസ് വകുപ്പ് റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി.

4. തുടർന്ന് CMLRE യ്ക്ക് ഭൂമി കൈമാറിയ വിഷയം ചർച്ച ചെയ്യുന്നതിലേയ്ക്കായി 21.01.22 ന് മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ച ചേർത്ത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പിന് കൈമാറിയ 50 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ CMLRE ക്ക് പാട്ടത്തിന് അനുവദിക്കുവാനും CMLRE യുമായി ചേർന്ന് പാട്ടക്കരാർ ഔപചാരികമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാനും മത്സ്യബന്ധന തുറമുഖ വകുപ്പ് ആവശ്യപ്പെട്ടിരുന്നു.

5. മേൽ വിഷയത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസലിൽ താഴെ പറയും പ്രകാരം അറിയിച്ചിട്ടുണ്ട് :

ഫിഷറീസ് വകുപ്പിന് കൈമാറിയ 50 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി ഭാരത സർക്കാർ ഭൗമ മന്ത്രാലയത്തിനു കീഴിലുള്ള Centre for Marine Living Resources & Ecology (CMLRE) ക്ക് 30 വർഷത്തേയ്ക്ക് ഒരു ഏക്കറിന് ആയിരം രൂപ നിരക്കിൽ പാട്ടത്തിന് നൽകുന്നതിന് 14.03.2008-ലെ GO(MS).No.15/2008/F&PD നമ്പർ പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് ഡയറക്ടറും, CMLRE ഡയറക്ടറും കരാറിൽ ഏർപ്പെടുകയുണ്ടായി. Limitation Period കഴിഞ്ഞതിനാൽ കരാർ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണ് എന്നും CMLRE എന്ന സ്ഥാപനം നിലവിൽ പ്രസ്തുത ഭൂമിയിൽ പ്രവർത്തിച്ചു വരുകയാണ് എന്നും ടി സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ ഡീപ്പ് സീ റിസർച്ചും, സമുദ്ര ജീവികളെക്കുറിച്ചുള്ള പഠനവും, ഈ മേഖലയിൽ PHD യ്ക്കുള്ള റിസർച്ച് സൗകര്യം ഒരുക്കലുമാണ് എന്നും ഈ സ്ഥാപനത്തിന്റെ ഭാവി വികസനത്തിന് പ്രസ്തുത ഭൂമി മുഴുവനായും അത്യാവശ്യമാണ് എന്നും റീസർവ്വെ 238/1-ൽ പ്പെട്ട നിർദിഷ്ട വസ്തുവിന് സാധാരണ ഗതിയിൽ ന്യായവില അടിസ്ഥാനത്തിൽ, ആർ ഒന്നിന് 13,61,250/- രൂപ നിരക്കിൽ 10 ഏക്കർ (404.7 Ares) വസ്തുവിന്റെ വാർഷിക പാട്ടം (13,61,250x2x404.7x5%) = 5,50,89,787.50/- രൂപയായി പാട്ടത്തുക കണക്കാക്കാവുന്നതാണെന്നും, എന്നാൽ 14.03.2008-ലെ ഉത്തരവ് പ്രകാരം ഏക്കറിന് 1000/- രൂപ നിരക്കിലാണ് 10 ഏക്കറിന് 30 വർഷത്തേയ്ക്ക് പാട്ടത്തുക നിശ്ചയിച്ചിട്ടുള്ളതെന്നും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

6. സർക്കാർ ഭൂമി ഏത് വകുപ്പിന്റേതായാലും അതിന്റെ ഉടമസ്ഥാവകാശവും, സർക്കാർ ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്, കൈമാറുന്നതിന്, പാട്ടത്തിന് നൽകുന്നതിന്, പതിച്ചു നൽകുന്നതിന് എന്നിവയ്ക്കുള്ള അധികാരവും റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണെന്ന് 02/04/2019-ലെ സ.ഉ.(കൈ)നം.116/2019/റവ സർക്കാർ ഉത്തരവിൽ അനുശാസിക്കുന്നുണ്ട് എന്നും ആയതിനാൽ സർക്കാർ ഭൂമി മറ്റൊരു സ്ഥാപനത്തിന് കൈമാറി നൽകിയ മത്സ്യബന്ധനവകുപ്പിന്റെ 14.03.2008-ലെ GO(MS).No.15/2008/F&PD നമ്പർ ഉത്തരവ് ക്രമപ്രകാരമല്ലാത്തതിനാൽ ആയതു റദ്ദാക്കി 10 ഏക്കർ ഭൂമി CMLRE യ്ക്ക് 30 വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ കൈമാറി നൽകാൻ ഉത്തരവാകാവുന്നതാണ് എന്നും ടി സ്ഥാപനം കേന്ദ്ര സർക്കാർ ഭൗമ മന്ത്രാലയത്തിന്റെ ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനമായതിനാൽ പാട്ടത്തുക സംബന്ധിച്ച് പൊതു താൽപര്യം മുൻനിർത്തി ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ കൈകൊള്ളാവുന്നതാണ് എന്നും ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

7. തുടർന്ന് ഫയൽ ചംക്രമണം ചെയ്തപ്പോൾ മത്സ്യ ബന്ധന വകുപ്പിന്റെ സ്ഥാപനമായ സ്റ്റേറ്റ് ഫിഷറിസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (FIRMA) യ്ക്ക് ഓഷ്യനേറിയം സ്ഥാപിക്കുന്നതിനായി നൽകിയ ഭൂമിയിൽനിന്നും 10 ഏക്കർ റവന്യൂ വകുപ്പിന്റെ അനുമതിയില്ലാതെ ഫിഷറീസ് വകുപ്പ് 14.03.2008-ലെ GO(MS).No.15/2008/F&PD നമ്പർ ഉത്തരവ് പ്രകാരം മറ്റൊരു സ്ഥാപനത്തിന് (CMLRE) നൽകിയ നടപടി റദ്ദ് ചെയ്യുന്നതിനും കേന്ദ്ര സർക്കാർ ഭൗമ മന്ത്രാലയത്തിന് കീഴിലുള്ള ഒരു ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനമെന്ന നിലയിൽ 2008-ൽ സർക്കാർ നിശ്ചയിച്ചത് പോലെ CMLRE-യ്ക്ക് ഒരു ഏക്കറിന് 1000/- രൂപ നിരക്കിൽ ഭൂമി പാട്ടത്തിന് അനുവദിക്കുന്നതാവും അഭികാമ്യം എന്നും ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം സമർപ്പിക്കുന്നതിനും ബഹു. മുഖ്യ മന്ത്രി ഉത്തരവാകുകയുണ്ടായി.

8. ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

"ബഹു.മുഖ്യമന്ത്രിയുടെ അഭിപ്രായത്തോട് ധനകാര്യ വകുപ്പ് യോജിക്കുന്നു എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിനു ബഹു.ധനമന്ത്രിയുടെ അംഗീകാരമുണ്ട്."

9. തുടർന്ന് 03.08.2023 ലെ G.O.(Ms)No.16/2023/F&PD നമ്പർ ഉത്തരവ് പ്രകാരം ഫിഷറീസ് വകുപ്പ് ഇറക്കിയ 14.03.2008-ലെ GO(MS).No.15/2008/ F&PD നമ്പർ ഉത്തരവ് റദ്ദ് ചെയ്തിരുന്നു.

10. മേൽ സാഹചര്യത്തിൽ 15.12.2007 ലെ സ.ഉ (കൈ) 441/07/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം മത്സ്യ ബന്ധന വകുപ്പിന്റെ സ്ഥാപനമായ സ്റ്റേറ്റ് ഫിഷറിസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (FIRMA) യ്ക്ക് കൈമാറിയ എറണാകുളം ജില്ലയിലെ പുതുവൈപ്പ് വില്ലേജിൽ റീ.സ.238/1 നമ്പറിൽപ്പെട്ട 50 ഏക്കർ സർക്കാർ പുറമ്പോക്ക് ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി CMLRE (Centre For Marine Living Resources and Ecology) യ്ക്ക് 14.03.2008 മുതൽ മുൻകാല പ്രാബല്യത്തോടെ 30 വർഷത്തേക്ക് ഒരു ഏക്കറിന് 1000/- രൂപ നിരക്കിൽ പാട്ടത്തിനു നൽകികൊണ്ട് 15.12.2007 ലെ ജി.ഒ. (എം.എസ്) 441/07/റവന്യൂ നമ്പർ ഭാഗികമായി ഭേദഗതിവരുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ ഫയൽ ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

11. മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ് സമർപ്പിച്ചപ്പോൾ, സംസ്ഥാന സർക്കാർ സൗജന്യമായി അനുവദിച്ച 50 ഏക്കർ ഭൂമിയിൽ നിന്നും 3.5 ഏക്കർ ഭൂമി ഓഷ്യനേറിയം പദ്ധതിയ്ക്കായി ഭൗമമന്ത്രാലയത്തിന് കൈമാറാൻ മത്സ്യബന്ധന വകുപ്പിന് അധികാരമില്ലാത്തതിനാൽ പ്രസ്തുത കൈമാറ്റം എപ്രകാരം സാധൂകരിക്കും എന്നു പരിശോധിക്കുവാനും 50 ഏക്കർ ഭൂമി സൗജന്യമായി കൈമാറുന്നതിന് അനുമതി നൽകിയ 15.12.2007 ലെ സ.ഉ.(കൈ) 441/2007/റവ നമ്പർ ഉത്തരവിൽ ഭേദഗതി വരുത്തി ഭൂമി പാട്ടത്തിനനുവദിക്കുന്നതിനെക്കാൾ ഉചിതം സൗജന്യമായി നൽകിയ 50 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കിയ ശേഷം 14.03.2008 പ്രാബല്യത്തിൽ 30 വർഷത്തേയ്ക്ക് സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആന്റ് ഇക്കോളജി (സി.എം.എൽ.ആർ.ഇ) ക്ക് ഏക്കർ ഒന്നിന് 1000/- രൂപ വാർഷിക പാട്ട നിരക്കിൽ പാട്ടത്തിന് അനുവദിക്കുന്നതാണ് എന്നും ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയും അപ്രകാരം കരട് കുറിപ്പുകൾ ഭേദഗതി വരുത്തുവാനും ചീഫ് സെക്രട്ടറി നിർദ്ദേശിച്ചിരുന്നു.

12. തുടർന്ന് മത്സ്യബന്ധ വകുപ്പിന് സൗജന്യമായി അനുവദിച്ച 50 ഏക്കർ ഭൂമിയിൽ നിന്ന് 3.5 ഏക്കർ ഭൂമി ഭൗമമന്ത്രാലയത്തിന് കൈമാറി നൽകിയ 11.02.2010 തീയതിയിലെ സ.ഉ. (കൈ) 6/2010/മതുവ നമ്പർ ഉത്തരവ് റദ്ദാക്കുന്നത് സംബന്ധിച്ച് മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ അഭിപ്രായം 03/01/2024-ൽ ആരാഞ്ഞിരുന്നു. 01.07.2024-ലെ സ.ഉ.(സാധാ) 13/ 2024/ മതുവ നമ്പർ ഉത്തരവ് പ്രകാരം ടി വകുപ്പ് മേൽ 11.02.2010 തീയതിയിലെ ഉത്തരവ് റദ്ദാക്കുകയുണ്ടായി.

13. മേൽ സാഹചര്യത്തിൽ 15.12.2007 ലെ സ.ഉ.(കൈ) 441/07/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം മത്സ്യ ബന്ധന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമായ സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (FIRMA) യ്ക്ക് ഓഷ്യനേറിയം സ്ഥാപിക്കുന്നതിനായി മത്സ്യ ബന്ധന വകുപ്പിന്റെ പേരിൽ സംസ്ഥാന സർക്കാർ സൗജന്യമായി അനുവദിച്ച എറണാകുളം ജില്ലയിലെ പുതുവൈപ്പ് വില്ലേജിൽ റീ.സ.238/1 നമ്പറിൽപ്പെട്ട 50 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി റവന്യൂ വകുപ്പിൽ തിരിച്ചെടുത്ത ശേഷം 14.03.2008 പ്രാബല്യത്തിൽ 30 വർഷത്തേയ്ക്ക് സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സ് ആന്റ് ഇക്കോളജി (സി.എം.എൽ.ആർ.ഇ) ക്ക് ഏക്കർ ഒന്നിന് 1000/- രൂപ വാർഷിക പാട്ട നിരക്കിൽ പാട്ടത്തിന് അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

മത്സ്യ ബന്ധന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമായ സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (FIRMA) യ്ക്ക് ഓഷ്യനേറിയം സ്ഥാപിക്കുന്നതിനായി മത്സ്യ ബന്ധന വകുപ്പിന്റെ പേരിൽ 15.12.2007 ലെ സ.ഉ.(കൈ) 441/07/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ സൗജന്യമായി അനുവദിച്ച എറണാകുളം ജില്ലയിലെ പുതുവൈപ്പ് വില്ലേജിൽ റീ.സ.238/1 നമ്പറിൽപ്പെട്ട 50 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് തിരിച്ചെടുത്ത് 14.03.2008 പ്രാബല്യത്തിൽ, 30 വർഷത്തേയ്ക്ക് സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആന്റ് ഇക്കോളജി (സി.എം.എൽ.ആർ.ഇ) ക്ക് ഏക്കർ ഒന്നിന് 1000/- രൂപ വാർഷിക പാട്ട നിരക്കിൽ പാട്ടത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണോ?